*ഉത്തരം*

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. III-ൽ ഉൾപ്പെടുത്തി അനുവദിച്ച എരിക്കുളം-പട്ടിപ്പറമ്പ് റോഡ്, പൊട്ടൻകോട്-പോട്ട കോളനി റോഡ് എന്നിവ 2001-02-ൽ പൂർത്തീകരിച്ചു. ആർ.ഐ.ഡി.എഫ്. VI-ൽ ഉൾപ്പെട്ട 34.54 ലക്ഷം രൂപ അടങ്കലുള്ള പറക്കാട്-മെതുക് റോഡിന്റെ പണിയും പൂർത്തിയായിട്ടുണ്ട്. 2002-03-ൽ യഥാക്രമം 34.85 ലക്ഷം രൂപ, 27.39 ലക്ഷം രൂപ അടങ്കലുള്ള പുലക്കോട്-അടക്കോട്, ചീരക്കുഴി-മിച്ചഭൂമി എന്നീ പദ്ധതികൾ അനുവദിച്ചിരുന്നു. ടി പദ്ധതികളുടെ പണി പുരോഗമിച്ചു വരുന്നു. 2003-04-ൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(ബി) 2004-05 വർഷത്തിൽ 31.28 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള മെതുക്കമായന്നൂർ റോഡ് പണിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പണിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ഇല്ല.

**ഗ്രാമവികസന വകുപ്പ് ഏറ്റെടുത്ത റോഡുകൾ**

89 [3976] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തനം തുടങ്ങിയ റോഡുകൾ എത്ര;

(ബി) ഗ്രാമവികസന വകുപ്പ് വഴി ഏറ്റെടുത്ത് നിർമ്മിക്കുന്ന റോഡുകൾ എത്ര; ഏതെല്ലാം;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാകും;

(ഡി) തീരുമാനമെടുത്തശേഷം പൂർത്തിയാകാത്ത റോഡുകളുണ്ടോ?

*ഉത്തരം*

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

**വി. ഇ. ഒ. മാരെ റഗുലറൈസ് ചെയ്യാൻ നടപടി**

90 [3977] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ആയി ഏതു വർഷം വരെ ജോലിയിൽ പ്രവേശിച്ചവരെ റഗുലറൈസ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇനി റഗുലറൈസ് ചെയ്യാൻ എത്രപേർ ബാക്കിയുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇവരെ റഗുലറൈസ് ചെയ്യുന്നതിനുള്ള തടസ്സം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly